# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3974** **16.05.2017 ൽ മറുപടിയ്ക്ക്**

## ഹോർട്ടികൾച്ചർ മിഷൻ പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.ഉബൈദുള്ള | ശ്രീ. വി.എസ്.സുനിൽ കുമാർ (കൃഷി വകുപ്പ് മന്ത്രി) |

എ) സംസ്ഥാന ഹോർട്ടികൾച്ചർ മിഷന്റെ ഈ വർഷത്തെ നയപരമായ പദ്ധതികൾ എന്തെല്ലാമാണ്; വിശദാംശം നൽകുമോ;

എ) 2017-18 സാമ്പത്തിക വർഷത്തിൽ സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ-കേരള മുഖാന്തിരം മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടിക്കൾച്ചർ, ദേശീയ ഔഷധസസ്യ മിഷൻ, പ്രധാൻ മന്ത്രി കൃഷി സിഞ്ചായി യോജന- മൈക്രോ ഇറിഗേഷൻ എന്നീ കേന്ദ്രാവിഷ്കൃത പദ്ധതികളാണ് നടപ്പിലാക്കുന്നത്. 2017-18 സാമ്പത്തിക വർഷത്തിൽ മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടിക്കൾച്ചർ പദ്ധതിയ്ക്ക് 77.37 കോടി രൂപയുടെ വാർഷിക കർമ്മ പദ്ധതി യും മൈക്രോ ഇറിഗേഷൻ പദ്ധതി നടപ്പാക്കുന്നതിനായി 11.67 കോടി രൂപയുടെ വാർഷിക കർമ്മ പദ്ധതി യും ദേശീയ ഔഷധസസ്യ മിഷൻ പദ്ധതിയ് ക്കായി 269.789 ലക്ഷം രൂപയുടെ വാർഷിക കർമ്മ പദ്ധതി യും കേന്ദ്ര സർക്കാരിന്റെ അനുമതിയ്ക്കായി സമർപ്പിച്ചിരിക്കുകയാണ്.

ബി) പ്രസ്തുത പദ്ധതികൾക്കുള്ള കേന്ദ്ര- സംസ്ഥാന വിഹിതം എത്ര രൂപ വീതമാണ്;

ബി) പ്രസ്തുത പദ്ധതികൾക്കുള്ള കേന്ദ്ര സംസ്ഥാന വിഹിതം 60:40 എന്ന അനുപാതത്തിലാണ്. ആയതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

*(തുക കോടി രൂപയിൽ)*

| പദ്ധതി | കേന്ദ്ര വിഹിതം | സംസ്ഥാന വിഹിതം |
|---|---|---|
| മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടിക്കൾച്ചർ | 46.422 | 30.948 |
| ദേശീയ ഔഷധസസ്യ മിഷൻ | 1.6187 | 1.0791 |
| പ്രധാൻ മന്ത്രി കൃഷി സിഞ്ചായി യോജന- മൈക്രോ ഇറി ഗേഷൻ | 7 | 4.67 |

സി) മിഷൻ മുഖേന കഴിഞ്ഞ സാമ്പത്തിക വർഷം എത്ര തുക കേന്ദ്ര വിഹിതമായി ലഭിച്ചു; സംസ്ഥാന വിഹിതം എത്രയായിരുന്നു;

സി) 2016-17 സാമ്പത്തിക വർഷം സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ-കേരള മുഖേന വിവിധ പദ്ധതികൾക്കായി ലഭിച്ച കേന്ദ്ര സംസ്ഥാന വിഹിതത്തിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു

*(തുക കോടി രൂപയിൽ)*

| പദ്ധതി | കേന്ദ്ര വിഹിതം | സംസ്ഥാന വിഹിതം |
|---|---|---|
| മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടിക്കൾച്ചർ | 15 | 10 |
| ദേശീയ ഔഷധസസ്യ മിഷൻ | 1.012 | 0.6747 |
| പ്രധാൻ മന്ത്രി കൃഷി സിഞ്ചായി യോജന-മൈക്രോ ഇറി ഗേഷൻ | — | — |
| ഹൈടെക് ഫാമിംഗ് (സംസ്ഥാന പദ്ധതി) | — | 0.8 |
| രാഷ്ട്രീയ കൃഷി വികാസ് യോജന യുടെ സാമ്പത്തിക സഹായത്തോടെയുള്ള പദ്ധതികൾ | 6.525 | 4.35 |

ഡി) മിഷൻ മുഖേന നടപ്പിലാക്കിയ കാർഷിക വികസന പദ്ധതികൾ എന്തെല്ലാം; വിശദാംശം ലഭ്യമാക്കുമോ?

ഡി) 2016-17 സാമ്പത്തിക വർഷം സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ-കേരള മുഖാന്തിരം മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടിക്കൾച്ചർ, ദേശീയ ഔഷധസസ്യ മിഷൻ, പ്രധാൻ മന്ത്രി കൃഷി സിഞ്ചായി യോജന-മൈക്രോ ഇറി ഗേഷൻ, ഹൈടെക് ഫാമിംഗ്, രാഷ്ട്രീയ കൃഷി വികാസ് യോജനയുടെ സാമ്പത്തിക സഹായത്തോടെയുള്ള പദ്ധതികൾ എന്നിവ നടപ്പിലാക്കി വരുന്നു. 2016-17-ൽ മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടിക്കൾച്ചർ പദ്ധതിയിൽ 4241.08 ലക്ഷം രൂപയും, പ്രധാൻ മന്ത്രി കൃഷി സിഞ്ചായി യോജന-മൈക്രോ ഇറിഗേഷൻ പദ്ധതിയിൽ 54.54 ലക്ഷം രൂപയും, രാഷ്ട്രീയ കൃഷി വികാസ് യോജനയുടെ സാമ്പത്തിക സഹായത്തോടെ യുള്ള പദ്ധതികൾക്കായി 400 ലക്ഷം രൂപയും ഹൈടെക് ഫാമിംഗ് പദ്ധതിയ്ക്കായി 114.1 ലക്ഷം രൂപയും ചെലവഴിച്ചിട്ടുണ്ട്.

S. [signature]

**സെക്ഷൻ ഓഫീസർ**